# യോഹന്നാന്റെ ജീവപഠനം

## ദൂത് പതിനെട്ട്

## ദാഹിക്കുന്നവരുടെ ആവശ്യം- ജീവന്റെ ദാഹശമനം

## (2)

അഞ്ചാം അദ്ധ്യായത്തിൽ ജീവനും മതവും തമ്മിലുള്ള വൈരുദ്ധ്യം നാം കണ്ടു. എന്നാൽ ശരിയായ പീഡനം അപ്പോഴും ആരംഭിച്ചിട്ടില്ലായിരുന്നു. പീഡനമാരംഭിച്ചത് ഏഴാം അദ്ധ്യായത്തിലായിരുന്നു.

### II. ജീവൻ മതത്തിന്റെ പീഡനത്തിൻ കീഴിൽ

#### A. മതത്തിന്റെ ഗൂഢാലോചനയും മതത്തിന്റെ പെരുന്നാളും

മതാനുസാരികൾ ഒരു പെരുന്നാൾ കൊണ്ടാടിക്കൊണ്ടിരുന്നപ്പോൾ, അവർ യേശുവിനെ കൊല്ലുവാൻ ഗൂഢമായി ആലോചിച്ചു (7:1-2). ഇത് ഇന്നത്തെ മതത്തിന്റെ കുറ്റമറ്റ ഒരു ചിത്രമാണ്. കാരണം, മതം തത്ത്വത്തിൽ ഇന്നും അങ്ങനെതന്നെയാണ്. മതാനുസാരികൾ ഒരു വശത്ത് ദൈവത്തെ ആരാധിക്കുമ്പോൾ മറുവശത്ത് അവർ ദൈവത്തെ യഥാർത്ഥമായി അന്വേഷിക്കുന്നവരെ കൊല്ലുവാൻ ഗൂഢമായി ആലോചിക്കുന്നു. നിങ്ങൾ ജീവനെ യഥാർത്ഥത്തിൽ അന്വേഷിക്കുന്നവനാണെങ്കിൽ, മതം നിങ്ങളെ കൊല്ലുവാൻ ശ്രമിക്കുന്നതു കാണുവാൻ ഒരുങ്ങിയിരിക്കണം. ഒന്നാം നൂറ്റാണ്ടു മുതൽ ഇന്നു വരെയും ഇത് സംഭവിച്ചിട്ടുണ്ട്. എല്ലാ നൂറ്റാണ്ടുകളിലും ജീവന്റെ യഥാർത്ഥ അന്വേഷകരെ മതാനുസാരികൾ പീഡിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി, മാഡം ഗയോണിനെ അന്നത്തെ മതാനുസാരികൾ ജയിലിലടച്ചു. പുറമേയുള്ള കാര്യങ്ങളനുസരിച്ചല്ല, ആന്തരിക ജീവനനുസരിച്ച് നിങ്ങൾ കർത്താവിനോട് ചേർന്ന് പോകുന്നിടത്തോളം, മതാനുസാരികൾ നിങ്ങളെ ഉപദ്രവിക്കും.

കർത്താവ് സ്രഷ്ടാവായ ദൈവമാണ്(1:1,10). എന്നിരുന്നാലും, ഒരു മനുഷ്യനെന്ന നിലയിൽ അവൻ തന്റെ സൃഷ്ടികളുടെ പീഡനമേറ്റു (7:1). സ്രഷ്ടാവിന് തന്റെ സൃഷ്ടിയിൽനിന്ന് പീഡനം ഏൽക്കുന്നത് അത്ര നിസ്സാര കാര്യമല്ല. എത്ര ക്ഷമ അവന് ഉണ്ടായിരുന്നിരിക്കണം! അതെത്ര അപമാനകരം ആയിരുന്നിരിക്കണം! എന്നാൽ കർത്താവ് അത് സഹിച്ചു. മതത്തിന്റെ പെരുന്നാളുപോലും ആ പീഡനത്തിന് അവസരം നൽകി(7:2,11). മതാനുസാരികൾ മതത്തിന്റെ പെരുന്നാളിനെ കർത്താവായ യേശുവിനെ പീഡിപ്പിക്കുവാനുള്ള അവസരമായി ഉപയോഗിച്ചു.

## B. ജനത്തിന്റെ അവിശ്വാസത്തെ ജീവൻ സഹിക്കുന്നു

പീഡിപ്പിക്കുന്ന യെഹൂദന്മാർ കർത്താവായ യേശുവിനെ കൊല്ലേണ്ടതിന് അന്വേഷിക്കുകയായിരുന്നു(7:1,21,25,30,32,34). യെഹുദ മതാനുസാരികൾ കർത്താവിനെതിരെ ഗൂഢാലോചന നടത്തുകയായിരുന്നതിനാൽ, അവന് കുറെ സൂക്ഷിക്കണമായിരുന്നു. അവൻ കുറച്ചെങ്കിലും അശ്രദ്ധനായിരുന്നുവെങ്കിൽ അവരുടെ കൈയിൽ വീഴുമായിരുന്നു. അവന് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. കർത്താവ് സർവ്വശക്തിയുള്ള ദൈവമായിരുന്നുവെങ്കിലും, അവൻ, പീഡനത്തിൻ കീഴിലുള്ള മനുഷ്യനെന്ന നിലയിൽ, തന്റെ പ്രവർത്തനത്തിൽ പരിമിതിയുള്ളവനായിരുന്നു. ഒരുവശത്ത് മതാനുസാരികൾ അവനെ കൊല്ലുവാൻ അന്വേഷിക്കുമ്പോൾ, മറുവശത്ത് അവിശ്വാസികളായ അവന്റെ സഹോദരന്മാർ, ലോകമഹത്വം നേടുവാൻ അവനെ വെല്ലുവിളിക്കുകയായിരുന്നു(7:3-4). അവന്റെ സഹോദരന്മാർ അവനോട് ഇങ്ങനെ പറയുന്നതായി കരുതാം,"നീ എന്തുകൊണ്ട് യെരുശലേമിലേക്ക് പോകുന്നില്ല? നിനക്ക് ഒരു വലിയ പേരുണ്ടാക്കാമല്ലോ."യെഹൂദന്മാരുടെ പീഡനവും അവന്റെ സഹോദരന്മാരുടെ വെല്ലുവിളിയും ഒരേ ശത്രുവിൽനിന്ന്, സാത്താനിൽനിന്ന്, വന്നു. സാത്താൻ, കർത്താവിനെ കൊല്ലുവാനായി അന്വേഷിക്കുവാൻ യെഹൂദന്മാരെ ഇളക്കി വിടുകയും, അവന് മഹത്വം ലഭിക്കേണ്ടതിന് ഒരു പേരുണ്ടാക്കുവാൻ, യെരുശലേമിലേക്ക് പോകുവാനായി വെല്ലുവിളിക്കുവൻ അവന്റെ അവിശ്വാസികളായ സഹോദരന്മാരെ ഇളക്കി വിടുകയും ചെയ്തു. ഇതു തന്നെയാണ് ഇന്നത്തെ സാഹചര്യവും. നാം ചില കാര്യങ്ങൾ ചെയ്യുന്നത് പേരു ലഭിക്കുവാനും പ്രസിദ്ധരാകുവാനും ആണെന്ന് ചില സഹോദരന്മാർ കൂടെക്കൂടെ പ്രസ്താവിക്കാറുണ്ട്. പ്രസിദ്ധി ലഭിക്കുക എന്നതും പേരുണ്ടാകുക എന്നതും തീരെ മോശമായ കാര്യമാണ്. നിങ്ങൾ പേരുണ്ടാക്കുവാൻ ശ്രമിക്കുന്നുവെങ്കിൽ, ഒരു മോശമായ പേര് ലഭിക്കുന്നതാണ് ഏറെ നല്ലത്.

## C. സമയത്തിലുള്ള ജീവന്റെ പരിമിതി

കർത്താവ് സമയം സംബന്ധിച്ച് പരിമിതിയുള്ളവനായിരുന്നു എന്ന് 7:6-9-ൽ നാം കാണുന്നു."എന്റെ സമയം ഇതുവരെ വന്നിട്ടില്ല;

നിങ്ങൾക്കോ എല്ലായ്പോഴും സമയം തന്നെ"(7:6) എന്ന് കർത്താവ് തന്റെ സഹോദരന്മാരോട് പറഞ്ഞു. കർത്താവ് നിത്യനും അപരിമേയനും പരിധിയില്ലാത്തവനുമായ ദൈവം ആയിരുന്നുവെങ്കിലും(റോമ.9:5), അവൻ സമയത്തിന്റെ കാര്യത്തിൽപോലും പരിമിതിയുള്ള ഒരു മനുഷ്യനായി ഭൂമിയിൽ ജീവിച്ചു. നമുക്ക് ജീവന്റെ ജീവജലം ശുശ്രൂഷിക്കുവാൻ സാധിക്കത്തക്കവണ്ണം തന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുവാനും, സമയത്തിന്റെ വിഷയത്തിൽ ബന്ധിതനാകുവാനും പിതാവിന്റെ ഇഷ്ടം ചെയ്യുവാനും, കർത്താവ് മനസ്സുള്ളവനായിരുന്നു. എല്ലാവിധത്തിലും പരിമിതിയുള്ള ഒരു മനുഷ്യനായി കർത്താവ് എങ്ങനെ ജീവിച്ചുവെന്ന് ഏഴാം അദ്ധ്യായം വെളിപ്പെടുത്തുന്നു.

## D. ജീവൻ ദൈവമഹത്വം അന്വേഷിക്കുന്നു

കർത്താവ് സർവ്വശക്തിയുള്ള ദൈവമാകുന്നു(യെശ.9:6); എന്നാൽ പീഡനത്തിൻ കീഴിലുള്ള ഒരു മനുഷ്യനെന്ന നിലയിൽ അവൻ തന്റെ പ്രവൃത്തിയിൽ പരിമിതനായിരുന്നു(യോഹ.7:10). അവൻ സ്വതന്ത്രമായി പ്രവർത്തിക്കുകയില്ലായിരുന്നു. കർത്താവ് സർവ്വജ്ഞാനിയായ ദൈവമാകുന്നുവെങ്കിലും, അവൻ വീനീതനായ ഒരു മനുഷ്യനായി, നിരക്ഷരനായി കാണപ്പെട്ടു."വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ അക്ഷരം അറിയുന്നത് എങ്ങനെ? എന്ന് യെഹൂദന്മാർ ആശ്ചര്യപ്പെട്ട് പറഞ്ഞു"(7:15). കർത്താവിന് കുറച്ചു വിദ്യാഭ്യാസമേ ഉണ്ടായിരുന്നുള്ളൂ എങ്കിലും അവനെല്ലാം അറിയാമായിരുന്നു. അവന് അക്ഷരങ്ങൾ മാത്രമല്ല അറിയാമായിരുന്നത്; അവന് മനുഷ്യരുടെ മനസ്സും ഹൃദയവും ആത്മാവും അറിയാമായിരുന്നു. കർത്താവ് തന്റെ മഹത്വമല്ല, ദൈവത്തിന്റെ മഹത്വം അന്വേഷിച്ചു(7:17,18).

## E. ജീവന്റെ ഉറവിടവും ഉത്ഭവസ്ഥാനവും- പിതാവായ ദൈവം

കർത്താവിന്റെ ഉറവിടവും ഉത്ഭവസ്ഥാനവും പിതാവായ ദൈവമാണ്(7:25-36;13:3). അവന്റെ ഉറവിടം പിതാവായ ദൈവമായിരുന്നുവെങ്കിലും, ഗലീലയിലെ നസറെത്തിൽനിന്നുള്ള ഒരു മനുഷ്യനായി അവൻ വന്നു(7:27,42,52;1:45-46). യോഹന്നാൻ 7-ൽ കർത്താവ് തുറന്നു പറയാതിരുന്നതിൽ എനിക്ക് അവനോട് കുറേക്കാലം അസന്തുഷ്ടി തോന്നിയിരുന്നു. അവൻ ഒട്ടൊക്കെ ഒഴിഞ്ഞുമാറുകയായിരുന്നു എന്ന് എനിക്കു തോന്നി. അവന്റെ ഉറവിടം പിതാവായ ദൈവമായിരുന്നു എന്ന് അവൻ ജനത്തോട് പറഞ്ഞു, എന്നാൽ അവൻ നസറെത്തിൽ നിന്ന് വന്നു. ഒരു നിർണ്ണായക തത്ത്വം ഇവിടെയുണ്ട്: കർത്താവിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും പുറംകാഴ്ച ഒരിക്കലും നന്നായിരിക്കുകയില്ല, എന്നാൽ ആന്തരിക ഉണ്മ അത്ഭുതകരമായിരിക്കും. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തെ സംബന്ധിച്ചും ഇത് ശരിയാ

ണ്. പുറംകാഴ്ചയനുസരിച്ച് നിങ്ങൾ പ്രത്യുദ്ധാരത്തെ നോക്കിയാൽ, അത് അത്ര ആകർഷകമായിരിക്കുകയില്ല. എന്നാൽ അകത്തുള്ള സാഹചര്യം തികച്ചും വ്യത്യസ്തമാണ്. പുറംകാഴ്ചയാൽ വിഷമിക്കരുത്. യേശുവിനെ ബാഹ്യമായി നോക്കിയ ജനം അവനെ വെറുമൊരു നസറായനായി കണ്ടു. അവന് രൂപഗുണമോ, കോമളത്വമോ സൗന്ദര്യമോ, ആകർഷണീയതയോ ഇല്ലായിരുന്നു. എന്നാൽ അകമേ, അവൻ ദൈവം തന്നെയായിരുന്നു. കർത്താവേ, ഈ രാജ്യത്ത് നിന്റെ പ്രത്യുദ്ധാരത്തിലേക്ക് കാണാൻ കൊള്ളാവുന്നവരായി വളരെക്കുറച്ച് ആളുകളെ മാത്രം നീ കൊണ്ടുവന്നതെന്താണ്? ചിലർ യോഗങ്ങളിൽ ഉചിതമായി വസ്ത്രം ധരിക്കുന്നതുപോലുമില്ല എന്ന് ഞാൻ ചിലപ്പോൾ കർത്താവിനോട് ചോദിച്ചിട്ടുണ്ട്. എന്നാൽ ആ മൺപാത്രങ്ങളിൽ ഒരു നിധിയുള്ളത് കാണുവാൻ എനിക്ക് ഇടയായിട്ടുണ്ട്. പുറംകാഴ്ചയിൽ ശ്രദ്ധിക്കരുതെന്ന് കർത്താവ് എന്നോട് പറഞ്ഞിട്ടുണ്ട്. നസറായന് അനാകർഷകമായ ഒരു ബാഹ്യരൂപമാണുള്ളത് എന്നാൽ അത്യുത്കൃഷ്ടവും സ്വർഗ്ഗീയവുമായ ഉൾനിറവ് അവന് ഉണ്ട്.

Tue

## III. ദാഹിക്കുന്നവരോടുള്ള ജീവന്റെ നിലവിളി

### A. ഒടുക്കത്തെ നാൾ, മനുഷ്യജീവിതത്തിലെ ഏതു വിജയത്തിന്റെയും എല്ലാ ആസ്വാദനവും അവസാനിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു

ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് ദാഹിക്കുന്നവരോട് വിളിച്ചു പറഞ്ഞു(7:37-39). മനുഷ്യജീവിതത്തിലെ ഏതുവിജയത്തിന്റെയും, എല്ലാ ആസ്വാദനവും അവസാനിക്കുന്നുവെന്ന് ഒടുക്കത്തെ നാൾ സൂചിപ്പിക്കുന്നു. ഏതുതരത്തിലുള്ള വിജയം നിങ്ങൾക്കുണ്ടായാലും അതിന് ഒരു അവസാനനാൾ ഉണ്ടായിരിക്കും. ഉദാഹരണമായി, വിശിഷ്ടമായ ഒരു വിവാഹജീവതമാണ് നിങ്ങൾക്കുള്ളതെങ്കിലും, നിങ്ങളുടെ വിവാഹം എക്കാലവും നിലനില്ക്കുകയില്ല.

"ഒടുക്കത്തെ നാൾ"എന്ന ശൈലി ആറും ഏഴും അദ്ധ്യായങ്ങളിലും കാണുന്നു(6:39-40;7:37). എന്നാലും, ഇവ വ്യത്യസ്തമായ രണ്ട് ഒടുക്കത്തെ നാളുകളാണ്. ആറാം അദ്ധ്യായത്തിലെ ഒടുക്കത്തെ നാൾ വിദൂര ഭാവിയിൽ കർത്താവ് നമ്മെ ഉയിർപ്പിക്കുമ്പോഴുള്ള അത്യന്തികമായ ഒടുക്കത്തെ നാൾ ആണ്. ഏഴാം അദ്ധ്യായത്തിലെ ഒടുക്കത്തെ നാൾ നമ്മുടെ മനുഷ്യജീവിതത്തിലെ അനേകം ഒടുക്കത്തെ നാളുകളെ പരാമർശിക്കുന്നു. ഏറ്റവും വലിയ ഒടുക്കത്തെ നാൾ ഭാവിയിലാണ്; എന്നാൽ ആ ദിവസത്തിനു മുമ്പ്, നമ്മുടെ മനുഷ്യജീവിതത്തിൽ, അനേകം ഒടുക്കത്തെ നാളുകൾ ഉണ്ട്. നിങ്ങൾ വിലമതിക്കുന്ന തുണിത്തരത്തിന് ഒരു ഒടുക്കത്തെ നാളുണ്ട്; നിങ്ങളുടെ

വിവാഹത്തിനൊരു ഒടുക്കത്തെ നാളുണ്ട്. സകലത്തിനും ഒരു ഒടുക്കത്തെ നാളുണ്ട്. കൂടാരപ്പെരുന്നാൾ ഏഴു ദിവസം തുടർന്നു; എന്നാൽ ഏഴാം ദിവസം ഉത്സവത്തിന്റെ ഒടുക്കത്തെ നാളായിരുന്നു. ഒടുക്കത്തെ എന്നാൽ കേവലം ഒരു അവസാനം എന്നർത്ഥം. നിങ്ങൾ എത്ര സമ്പന്നനായാലും ഒരു അവസാനമുണ്ട്. നിങ്ങൾ എത്ര ആരോഗ്യവാനായാലും ഒരു അവസാനം ഉണ്ട്. നിങ്ങളുടെ ഐശ്വര്യങ്ങൾക്ക് ഒരു ഒടുക്കത്തെ നാൾ ഉണ്ട്. നിങ്ങളുടെ ആരോഗ്യത്തിന് ഒരു ഒടുക്കത്തെ നാൾ ഉണ്ട്, നിങ്ങളുടെ കുടുംബത്തിന് ഒരു ഒടുക്കത്തെ നാൾ ഉണ്ട്. ദിവസമുണ്ട്; നിങ്ങളുടെ പ്രിയപ്പെട്ട ഭാര്യയോടോ ഭർത്താവിനോടോ ഒത്തുള്ള ജീവിതത്തിന് ഒരു ഒടുക്കത്തെ നാൾ ഉണ്ട്, നിങ്ങളുടെ മാതാപിതാക്കളെ സംബന്ധിച്ച ഒരു ഒടുക്കത്തെ നാൾ ഉണ്ട്. നിങ്ങളുടെ കുഞ്ഞുങ്ങളെ സംബന്ധിച്ച ഒരു ഒടുക്കത്തെ നാൾ ഉണ്ട്, നിങ്ങളുടെ എല്ലാ സാഹചര്യങ്ങളെയും സംബന്ധിച്ച് ഒരു ഒടുക്കത്തെ നാൾ ഉണ്ട്-ചുരുക്കത്തിൽ എല്ലാറ്റിനും ഒരു ഒടുക്കത്തെ നാൾ!

എനിക്ക് നാല്പത് വയസ്സ് ആയപ്പോൾ,"ജീവിതം നാൽപതിൽ ആരംഭിക്കുന്നു"എന്ന് ആളുകൾ എന്നോട് പറയുവാൻ തുടങ്ങി. എന്നാൽ മറ്റു ചിലർ എന്നോട് പറഞ്ഞു,"സഹോദരാ, നൽപത് കഴിഞ്ഞാൽ, ജീവിതം ഉച്ചയ്ക്ക് ശേഷമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ജനിച്ചപ്പോൾ ജീവിതം പ്രഭാതത്തിൽ ആരംഭിച്ചു. നാൽപതിൽ ജീവിതം മദ്ധ്യാഹ്നത്തിലെത്തി. നാൽപതിനുശേഷം ജീവിതം സായാഹ്നത്തിലാണ്. ഒരു പക്ഷേ, അറുപത് കഴിഞ്ഞ് എന്നെങ്കിലും ജീവിതം സമാപിക്കും."എന്നെങ്കിലും, ജീവിതത്തിന്റെ ഒടുക്കത്തെ നാൾ വരും."

ചിത്രം നോക്കുക. യിസ്രായേല്യർ ധാന്യവും വീഞ്ഞും വിളവെടുത്തുശേഖരിക്കുന്നതു വരെ വർഷം മുഴുവൻ അദ്ധ്വാനിച്ചു. അവരുടെ കൈകളുടെ അദ്ധ്വാനത്താൽ അവർക്ക് എല്ലാം ലഭിച്ചു. ഒടുവിൽ, അവരുടെ അദ്ധ്വാനം തീർന്ന്, അവർക്കാകെ ചെയ്യുവാനുണ്ടായിരുന്നത്, ഒരുമിച്ച് കൂടിവന്ന് എഴു ദിവസം തങ്ങളുടെ വിളവ് ആസ്വദിക്കുക എന്നതായിരുന്നു. ഏഴാം ദിവസം അവരുടെ ഏറ്റവും വലിയ ദിവസമായിരുന്നു. എന്നാലും അതായിരുന്നു അവസാനം. ഒടുക്കത്തെ നാൾ അവരെല്ലാവരും പിരിഞ്ഞുപോകേണ്ട ദിവസമായിരുന്നു.

## B. വന്നു കുടിക്കുവിൻ എന്ന വിളി

പെരുന്നാളിന്റെ ഒടുക്കത്തെ നാളിൽ എല്ലാവരും പിരിഞ്ഞു പൊയ്ക്കൊണ്ടിരിക്കുമ്പോൾ, കർത്താവ് നിന്നുകൊണ്ട് വിളിച്ചു പറഞ്ഞു,"ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ"(7:37). ജനം സംതൃപ്തരായിരുന്നില്ല. കഴിഞ്ഞ ഏഴു ദിവസം അവർ ആസ്വദിച്ച കാര്യങ്ങൾ അവരുടെ ദാഹം ശമിപ്പിച്ചില്ല.

അവർ വന്ന് ക്രിസ്തുവിൽനിന്ന് കുടിച്ചിരുന്നുവെങ്കിൽ, അവരുടെ ആളത്തത്തിന്റെ ആഴങ്ങളിൽനിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകുമായിരുന്നു. അടിക്കപ്പെട്ട പാറയിൽനിന്ന് പുറത്തേക്കൊഴുകുവാൻ പോകുന്ന പരിശുദ്ധാത്മാവാണ് ജീവജലം.

നാം കാണുവാനിരിക്കുന്നതുപോലെ, കർത്താവ് ഈ വാക്കുകൾ സംസാരിക്കുമ്പോൾ പരിശുദ്ധാത്മാവ് "അപ്പോഴും ഇല്ലായിരുന്നു," കാരണം കർത്താവ് അടിക്കപ്പെടുകയും തേജസ്കരിക്കപ്പെടുകയും ചെയ്തിട്ടില്ലായിരുന്നു(7:39). കർത്താവ് തേജസ്കരിക്കപ്പെടുക എന്നാൽ എന്താണ് അർത്ഥം? അവനെ ഉയർത്തെഴുന്നേൽപ്പിക്കും എന്നുമാത്രമാണ് അതിന്റെ അർത്ഥം(ലൂക്കൊ.24:26). കർത്താവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ അവന്റെ ബലഹീന ശരീരം മഹത്വകരമായ ആത്മാവായി കായാന്തരപ്പെട്ടു. ക്രൂശിനുമുമ്പ് കർത്താവ് പാറയായിരുന്നു. എന്നാൽ അതുവരെ അവൻ അടിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ ചെയ്തിരുന്നില്ല. അവൻ ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തപ്പോൾ, നമ്മുടെ ദാഹം ശമിപ്പിക്കുവാൻ ജീവനുള്ള ജലം അവനിൽനിന്ന് നമ്മിലേക്കൊഴുകി. നിങ്ങളുടെ ഉത്സവത്തിന്റെ ഒടുക്കത്തെ ദിവസം-നിങ്ങളുടെ ആഹ്ളാദത്തിന്റെയും ആസ്വാദനത്തിന്റെയും സമാപ്തിയിൽ നിങ്ങൾ തുടർന്നും ദാഹിച്ചിരിക്കുമ്പോൾ-നിങ്ങൾ ഈ യേശുവിങ്കലേക്ക് വരുകയും നിങ്ങളുടെ ദാഹശമനത്തിനായി ജീവനുള്ള ജലം സ്വീകരിക്കുകയും വേണം

വളരെ സമ്പന്നമായ കുടുംബത്തിൽ ജീവിച്ചിരുന്ന ഒരു യുവതിയുണ്ടായിരുന്നു. അവൾ എപ്പോഴും ആസ്വാദനമന്വേഷിച്ചിരുന്നു. ഒരിക്കൽ ഇംഗ്ലണ്ടിലെ ഏറ്റവും ഉന്നതരായവരോടുകൂടെ ഒരു നൃത്ത വിരുന്നിൽ അവൾ പങ്കെടുത്തു. അവൾ അത് വളരെ ആസ്വാദിച്ചു; അത് അത്ഭുകരമായ സമയം ആയിരുന്നു. വിരുന്നു കഴിഞ്ഞ് അവൾ വീട്ടിൽ വന്നു. തന്റെ നൃത്ത വസ്ത്രങ്ങൾ അഴിക്കുമ്പോൾ അവൾക്ക് വളരെ ദാഹം അനുഭവപ്പെട്ടു. അവൾ തന്റെ നൃത്ത വസ്ത്രങ്ങളും ചെരുപ്പുകളും എല്ലാം വലിച്ചെറിഞ്ഞിട്ട് "ഇവയ്ക്ക് എങ്ങനെ എന്നെ സഹായിക്കുവാൻ കഴിയും"എന്ന് ഉറക്കെപ്പറഞ്ഞു. തന്റെ ആസ്വാദനങ്ങളിലെല്ലാം സന്തോഷിച്ച് കഴിഞ്ഞപ്പോഴും, അവൾക്ക് വളരെ ദാഹം അനുഭവപ്പെട്ടു. അപ്പോൾ ഒരു ശബ്ദം ഉള്ളിൽ അവളോടു മന്ത്രിച്ചു,"നീ ദൈവത്തോടു പ്രാർത്ഥിക്കണം."എന്നാൽ അവൾ തന്നോടു തന്നെ പറഞ്ഞു,"ഒരു ദൈവമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല; പിന്നെ എങ്ങനെ എനിക്ക് അവനോട് പ്രാർത്ഥിക്കുവാൻ കഴിയും?" എന്നാൽ ശബ്ദം മന്ത്രിച്ചുകൊണ്ടേയിരുന്നു,"ദൈവത്തോട് എന്തെങ്കിലും സംസാരിക്കുക: ദൈവമേ, ഒരു ദൈവമുണ്ടെങ്കിൽ എന്നെ സംതൃപ്തയാക്കുക എന്നു പറയുക." ഒടുവിൽ അവൾ അങ്ങനെ പ്രാർത്ഥിച്ചു. അടുത്ത ദിവസംതന്നെ അവളുടെ ജീവിതം ആകമാനം മാറി.

അവൾ സംതൃപ്തയായി. കർത്താവ് നൽകിയ ജീവജലത്താൽ അവളുടെ ദാഹം ശമിച്ചു.

നിങ്ങൾ വിശുദ്ധരുടെ ജീവചരിത്രങ്ങൾ പഠിക്കുകയാണെങ്കിൽ, ഇത്തരത്തിലുള്ള വേറെ ധാരാളം കഥകൾ കണ്ടെത്തും. അഭ്യസ്തവിദ്യരും വിജയികളും സമ്പന്നരും ആയ പലർക്കും സന്തോഷിക്കുവാൻ ധാരാളം വകയുണ്ടായിരുന്നു. എന്നാൽ ഒടുവിൽ അവർക്ക് എല്ലാം വിരസമായിത്തീർന്നു."ദാഹിക്കുന്നവർ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ"എന്ന വിളി അപ്പോൾ അവർക്ക് ലഭിച്ചു. അനേക നല്ല ദിവസങ്ങൾ നിങ്ങൾ ആസ്വദിക്കുന്നുണ്ടായിരിക്കാമെങ്കിലും, ഒടുവിൽ നിങ്ങളുടെ ആസ്വാദനമെല്ലാം തീർന്ന് ദാഹം അനുഭവപ്പെടുന്ന ഒടുക്കത്തെ നാൾ വരും. കർത്താവായ യേശു മാത്രമാണ് നിങ്ങളുടെ ദാഹം ശമിപ്പിക്കുന്ന ജീവനുള്ള വെള്ളം നൽകുവാൻ കഴിയുന്നവൻ എന്ന് ഓർക്കുക.

Wed

## C. ജീവജലനദികളുടെ ഒഴുക്ക്

"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും"എന്ന് കർത്താവായ യേശു പറഞ്ഞു(7:38). താൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവ ഉണ്ടാകും എന്ന് 4:14-ൽ കർത്താവ് പറഞ്ഞു. ഏഴാം അദ്ധ്യാത്തിൽ കർത്താവ് ഒന്നുകൂടി മുന്നോട്ട് പോയിട്ട്, തന്നിൽനിന്ന് കുടിക്കുന്നവന് ജീവജലനദികളുടെ ഒഴുക്ക് ഉണ്ടാകുമെന്ന് പറഞ്ഞു. കർത്താവ് കേവലം ഒരൊഴുക്കിനെക്കുറിച്ചല്ല, മറിച്ച് നദികളെക്കുറിച്ചായിരുന്നു പറഞ്ഞത്. ജീവജലത്തിന്റെ ഏക നദി പരിശുദ്ധാത്മാവാണ്. ഈ ഏക നദിയിൽനിന്ന് അനേക നദികൾ പുറത്തേക്ക് ഒഴുകും. ഈ "ജീവജലനദികകൾ," ദൈവത്തിന്റെ "ജീവന്റെ ആത്മാവായ"(റോമ.1:2) നിസ്തുല ജീവജലത്തിന്റെ നദിയുടെ(വെളി.22:1) ജീവന്റെ വിവിധ വശങ്ങളുടെ അനേക ഒഴുക്കുകളാണ് (cf.റോമ.15:30; 1 തെസ്സ.1:6; 2 തെസ്സ.2:13; ഗലാ.5:22-23). ഒരു നദി സമാധാനത്തിന്റെ നദിയാണ്. മറ്റു നദികൾ സന്തോഷവും ആശ്വാസവും നീതിയും ജീവനും വിശുദ്ധിയും സ്നേഹവും ക്ഷമയും താഴ്മയും ആണ്. എത്ര നദികളുണ്ടെന്ന് എനിക്കറിയില്ല. നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിൽനിന്ന് ഈ നദികൾ പുറത്തേക്കൊഴുകുന്നു. ഇത് ജീവനായ ക്രിസ്തുവാണ്. രണ്ടാം അദ്ധ്യായത്തിൽ സ്ഥാപിച്ചിരിക്കുന്ന തത്ത്വത്തിൽ, ഈ ജീവജലനദികളുടെ ഒഴുക്ക് മരണത്തെ ജീവനാക്കി മാറ്റുന്നതുമാണ്. മരണം അറിവിന്റെ വൃക്ഷത്തിന്റെ ഉറവിടത്തിൽനിന്നും ജീവൻ ജീവവൃക്ഷത്തിന്റെ ഉറവിടത്തിൽനിന്നും ഉള്ളതാണ്.

നാം ഒരു യോഗത്തിനു വരുകയും ജീവജലത്തിന്റെ ഒഴുക്കില്ലാതെ അവിടെ ഇരിക്കുകയും ചെയ്താൽ എന്തു സംഭവിക്കും? തീർച്ചയായും അതൊരു നിർജീവമായ യോഗമായിരിക്കും. ആർക്കും പുറത്തേക്കൊഴുക്കുവാൻ ഒന്നുമില്ലെങ്കിൽ മരണം ശക്തമായിരിക്കും. എന്നാൽ, ഓരോ വ്യക്തിയും ചില നദികളോടൊപ്പം ഒഴുകുമെങ്കിൽ, അതിന്റെ ഫലമായി യോഗത്തിൽ കവിഞ്ഞൊഴുക്ക് ഉണ്ടാകും. അത് ജീവൻ നിറഞ്ഞതായിരിക്കും. ഇതാണ് മരണത്തെ ജീവനാക്കി മാറ്റുക എന്നത്.

## D. ആത്മാവ് അപ്പോഴും ഇല്ലായിരുന്നു

“അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞത്; യേശു അന്നു തേജസ്കരിക്കപ്പെട്ടില്ലായ്കയാൽ ആത്മാവ് അപ്പോഴും ഇല്ലായിരുന്നു,”എന്ന് 39-ാം വാക്യം പറയുന്നു. അനേക ക്രിസ്ത്യാനികൾക്കും ഈ വാക്യത്തിലെ “അപ്പോഴും ഇല്ല”എന്ന വാക്കുകൾ മനസ്സിലാകുന്നില്ല. ആധികാരിക പരിഭാഷയിൽ“നൽകപ്പെട്ടു”എന്ന പദം ചരിഞ്ഞ അക്ഷരത്തിൽ ചേർത്തിരിക്കുന്നു. ഇത് കാണിക്കുന്നത് പരിഭാഷകരെ ഈ വാക്യം വിഷമിപ്പിച്ചിരുന്നു എന്നാണ്. എന്നാൽ 39-ാം വാകത്തിന്റെ അർത്ഥം ആത്മാവ് “നൽകപ്പെട്ടിരുന്നില്ല” എന്നല്ല, ആത്മാവ് അപ്പോഴും ഇല്ലായിരുന്നു എന്നാണ്. ആത്മാവ് അപ്പോഴും ഇല്ലായിരുന്നു. ആദിമുതൽ തന്നെ ദൈവത്തിന്റെ ആത്മാവ് ഉണ്ടായിരുന്നു (ഉല്പ.1:1-2), എന്നാൽ കർത്താവായ യേശു ഈ വാക്ക് സംസാരിക്കുമ്പോൾ, അവൻ തേജസ്കരിക്കപ്പെട്ടിട്ടില്ലായിരുന്നതിനാൽ“ക്രിസ്തുവിന്റെ ആത്മാവ്” (റോമ.8:9) എന്ന നിലയിലും,“യേശുക്രിസ്തുവിന്റെ ആത്മാവ്” (ഫിലി.1:19) എന്ന നിലയിലും ആത്മാവ് “അപ്പോഴും ഇല്ലാ”യിരുന്നു. യേശു തേജസ്കരിക്കപ്പെട്ടത് അവൻ പുനരുത്ഥാനം ചെയ്തപ്പോഴായിരുന്നു(ലൂക്കൊ.24:26). അവന്റെ പുനരുത്ഥാനത്തിനു ശേഷം, ദൈവത്തിന്റെ ആത്മാവ്, ജഡാവതാരം ചെയ്യുകയും ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശുക്രിസ്തുവിന്റെ ആത്മാവായിത്തീർന്നു. ഈ ആത്മാവിനെ ആയിരുന്നു ക്രിസ്തു, താൻ ഉയിർത്തെഴുന്നേറ്റ ദിവസം വൈകുന്നേരം, ശിഷ്യന്മാരിലേക്ക് ഊതിയത്(യോഹ.20:22). ആത്മാവ് ഇപ്പോൾ ക്രിസ്തു തന്റെ മരണത്തിനു മുമ്പ് വാഗ്ദാനം ചെയ്ത“യാഥാർത്ഥ്യത്തിന്റെ ആത്മാവ്”എന്ന മറ്റൊരു കാര്യസ്ഥൻ ആണ്. ആത്മാവ് ദൈവത്തിന്റെ ആത്മാവായിരുന്നപ്പോൾ, അവന് ദിവ്യമൂലകം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ക്രിസ്തുവിന്റെ ജഡാവതാരം, ക്രൂശ്മരണം, പുനരുത്ഥാനം എന്നിവയിലൂടെ അവൻ യേശുക്രിസ്തുവിന്റെ ആത്മാവായിത്തീർന്നപ്പോൾ, അവന് ക്രിസ്തുവിന്റെ ജഡാവതാരം, ക്രൂശ്മരണം, പുനരുത്ഥാനം എന്നിവയുടെ എല്ലാ സാരാംശത്തോടും യാഥാർത്ഥ്യത്തോടുംകൂടെ ദിവ്യമൂലകവും മനുഷ്യമൂലകവും ഉണ്ടായിരുന്നു. തന്മൂലം, ഇപ്പോൾ അവൻ

നമുക്ക് സ്വീകരിക്കുവാനുള്ള ജീവജലം എന്ന നിലയിൽ യേശുക്രിസ്തുവിന്റെ സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവാണ്.

യേശു ഉയിർത്തെഴുന്നേറ്റപ്പോൾ അവൻ തേജസ്കരിക്കപ്പെട്ടു എന്നു നാം കണ്ടു. ഉയിർത്തെഴുന്നേൽപിൽ കർത്താവ് ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നു(1കൊരി.15:45). ജഡത്തിൽ ക്രിസ്തുവായിരുന്ന ഒടുക്കത്തെ ആദാം പുനരുത്ഥാനത്തിൽ ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നു. അപ്പോൾ മുതൽ, യേശുക്രിസ്തുവിന്റെ ആത്മാവിന്, ക്രിസ്തുവിന്റെ ജഡാവതാരം, ക്രൂശ്മരണം, പുനരുത്ഥാനം എന്നിവയുടെ യാഥാർത്ഥ്യം അടങ്ങിയിരിക്കുന്ന ദിവ്യവും മാനുഷികവുമായ മൂലകങ്ങളുണ്ട്.

ഉല്പത്തി 1-ൽ നമുക്ക് ദൈവത്തിന്റെ ആത്മാവുണ്ട്. ദൈവത്തിന്റെ ആത്മാവ് തന്റെ സൃഷ്ടിയിലേക്ക് എത്തിച്ചേരുന്ന ദൈവംതന്നെയാണ്. ഉല്പത്തി 1-ന്റെ കാലത്ത്, ദൈവത്തിന്റെ ആത്മാവിൽ ദിവ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ദിവസം ദൈവം മനുഷ്യനായി ജഡാവതാരം ചെയ്തു; അവൻ യേശുക്രിസ്തു ആയിരുന്നു. മുപ്പത്തിമൂന്നര വർഷം കഴിഞ്ഞ് ക്രിസ്തു ക്രൂശിക്കപ്പെട്ടു. ക്രൂശ്മരണത്തിനു ശേഷം, അവൻ പുനരുത്ഥാനത്തിലൂടെയും സ്വർഗ്ഗാരോഹണത്തിലൂടെയും കടന്നു പോകുകയും ദൈവത്തിന്റെ ആത്മാവ്, ജഡാവതാരവും പുനരുത്ഥാനവും ചെയ്ത യേശുക്രിസ്തുവിന്റെ ആത്മാവ്, ആകുകയും ചെയ്തു. ഇപ്പോൾ യേശുക്രിസ്തുവിന്റെ ആത്മാവ് മനുഷ്യരെ സ്പർശിക്കുവാനായി എത്തുന്നു. മുമ്പ്, ദൈവത്തിന്റെ ആത്മാവ് ദൈവസൃഷ്ടിയെ സ്പർശിക്കുന്നത് ദിവ്യത്വത്തോടുകൂടെ മാത്രമായിരുന്നു. എന്നാൽ ഇപ്പോൾ യേശുക്രിസ്തുവിന്റെ ആത്മാവ് മനുഷ്യരെ സ്പർശിക്കുവാൻ വരുന്നത് ദിവ്യത്വവും മനുഷ്യത്വവും അവന്റെ സർവ്വവും ഉൾക്കൊള്ളുന്ന മരണത്തിന്റെ സഫലതയും പുനരുത്ഥാനമൂലകവും ഉള്ളവനായാണ്. ക്രിസ്തു ഉയിർത്തെഴുന്നേൽക്കുന്നതിനു മുമ്പ് അപ്രകാരം ഒരു ആത്മാവ്“അപ്പോഴും ഇല്ലായിരുന്നു.”

പല ചേരുവകൾ ചേർത്ത ഒരു ഗ്ലാസ് ശുദ്ധജലം നമുക്ക് ഉദാഹരണമായെടുക്കാം. ശുദ്ധജലം ഒന്നാമത്തെ ഘട്ടത്തിലൂടെ കടന്നു പോകുന്നു; പിന്നീട് അതിലേക്ക് പാൽ ചേർക്കുന്നു. അത് ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു; അതിലേക്ക് തേൻ, ചായ, ഉപ്പ് എന്നിവ ചേർക്കുന്നു. ഒടുവിൽ അത് സർവ്വവും ഉൾക്കൊള്ളുന്ന ഒരു പാനീയമായിത്തീരുന്നു. ശുദ്ധജലം ഈ ഘട്ടങ്ങളിലൂടെയെല്ലാം കടന്നുപോകുന്നതിനു മുമ്പ് ഗ്ലാസിലുള്ള ശുദ്ധജലം അവിടെ ഉണ്ടായിരുന്നുവെങ്കിലും, അപ്രകാരം വിശിഷ്ടമായ ഒരു പാനിയം“അപ്പോഴും ഇല്ലായിരുന്നു.” ഇപ്പോൾ അത് സർവ്വവും ഉൾക്കൊള്ളുന്ന ഒരു പാനീയമാണ്. ഇതുപോലെ, 7:39-ലും 14:16-17-ലും കർത്താവായ യേശു

വാഗ്ദാനം ചെയ്ത ആത്മാവ്, തന്റെ ദിവ്യത്വം മാത്രം ഉൾപ്പെടുന്ന ആത്മാവല്ല, ദിവ്യത്വവും മനുഷ്യത്വവും സർവ്വവും ഉൾക്കൊള്ളുന്ന മരണവും പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും അടങ്ങിയിരിക്കുന്ന ആത്മാവാണ്. ഇപ്പോൾ നമുക്ക് ദൈവത്തിന്റെ ആത്മാവ് മാത്രമല്ല യേശുക്രിസ്തുവിന്റെ ആത്മാവും ഉണ്ട്. ഇപ്രകാരം സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവാണ് നമുക്ക് ജീവജലനദികളുടെ ഒഴുക്ക് നൽകുന്നത്.

ചിലപ്പോൾ ഒരു കുട്ടിക്ക് മരുന്ന് ആവശ്യമായി വരുന്ന സമയത്ത്, അവന്റെ ബുദ്ധിമതിയായ അമ്മ മരുന്ന് ഒരു പാനീയത്തിൽ ഗോപ്യമായി ചേർക്കുന്നു. കുട്ടി പാനീയം കഴിക്കുമ്പോൾ അവന് മരുന്ന് ലഭിക്കുന്നു. സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവിൽ മരുന്നുണ്ട്. ഈ മരുന്ന്, ഇന്ന് പരിശുദ്ധാത്മാവിലുള്ള ക്രിസ്തുവിന്റെ കൊല്ലുന്ന മരണമാണ്. "കർത്താവായ യേശുവേ" എന്ന് നിങ്ങൾ വിളിക്കുന്തോറും സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവിനെ അധികമായി നിങ്ങൾക്ക് ലഭിക്കുന്നു. ചില മിനിറ്റുകൾ കഴിയുമ്പോൾ, ആത്മാവ് നിങ്ങളുടെ ദേഷ്യം, നിഗളം, സ്വാർത്ഥത, മറ്റു പ്രതിലോമ കാര്യങ്ങൾ എന്നിവയെ കൊല്ലുന്നതായി നിങ്ങൾക്ക് അനുഭവപ്പെടും. റോമർ 6 അനുസരിച്ച് നിങ്ങളെത്തന്നെ മരിച്ചവനായി എണ്ണുവാൻ നിങ്ങൾ എപ്പോഴെങ്കിലും ശ്രമിച്ചിട്ടുണ്ടോ? അങ്ങനെയെങ്കിൽ, നിങ്ങളെത്തന്നെ മരിച്ചവനായി എണ്ണുന്തോറും നിങ്ങൾ ജീവനുള്ളവനാണ് എന്ന് നിങ്ങൾ അറിയുന്നു. എന്നിരുന്നാലും, സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവിൽ ക്രൂശിന്റെ മരിപ്പിക്കലുണ്ട്. റോമർ 6-ൽ പറയുന്ന മരണം, റോമർ 8-ൽ വെളിപ്പെടുത്തിയിരിക്കുന്നപോലെ, ഇപ്പോൾ ആത്മാവിൽ അടങ്ങിയിരിക്കുന്നു. അതുകൊണ്ട്, സർവ്വവും ഉൾക്കൊള്ളുന്ന ഈ ആത്മാവ്, റോമർ 8:13 പറയുന്നതുപോലെ, എപ്പോഴും നിങ്ങളെ ക്രൂശിൽ ആക്കി വയ്ക്കുന്നു. ക്രിസ്തുവിന്റെ മരണത്തിന്റെ കൊല്ലുന്ന ശക്തി ക്രൂശിൽ മാത്രമല്ല ഉള്ളത്, കാരണം അങ്ങനെയായിരുന്നുവെങ്കിൽ അത് നമ്മിൽ വ്യാപരിക്കുമായിരുന്നില്ല. ആ കൊല്ലുന്ന ശക്തി ഇന്ന് യേശുക്രിസ്തുവിന്റെ ആത്മാവിൽ ഉണ്ട്. ഈ ആത്മാവ് നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുമ്പോൾ ക്രൂശിന്റെ കൊല്ലുന്ന ശക്തി നമ്മുടെ ആളത്തത്തിലേക്ക് വ്യാപിക്കുന്നു. അവൻ നമ്മുടെ ആളത്തത്തിലുള്ള എല്ലാ പ്രതിലോമകാര്യങ്ങളെയും കൊല്ലുന്നു. അതിലുപരിയായി, സർവ്വവും ഉൾക്കൊള്ളുന്ന ഈ പാനീയത്തിൽ പോഷണത്തിനുള്ള ഘടകങ്ങളുണ്ട്. നമുക്കാവശ്യമുള്ളതെല്ലാം ഈ ആത്മാവിലുണ്ട്.

## IV. ജീവന്റെ പ്രത്യക്ഷത മൂലമുള്ള ഭിന്നത

7:40-52-ൽ കർത്താവിന്റെ പ്രത്യക്ഷത മൂലമുള്ള ഭിന്നത നാം കാണുന്നു. യേശു സത്യമായും ഒരു പ്രശ്നക്കാരനായിരുന്നു. അവൻ ഭിന്നതകൾ ഉണ്ടാക്കി. ഇന്ന്, ജീവനെ അന്വേഷിക്കുന്ന ജനം വിഷമ

തകളുണ്ടാക്കുകയും, ഭിന്നതകൾക്ക് ഇടവരുത്തുകയും ചെയ്യും. ദാവീദിന്റെ സന്തതിയായ ക്രിസ്തു ബേത്‌ലഹേമിൽ ജനിച്ചു(7:42; ലൂക്കൊ. 2:4-7), എന്നാൽ ഗലീലയിൽനിന്നുള്ള ഒരു നസറായനായി അവൻ കാണപ്പെട്ടു(7:52). കർത്താവ് ബേത്‌ലഹേമിലായിരുന്നു ജനിച്ചതെങ്കിലും, അക്കാലത്തുള്ളവർ അവജ്ഞയോടെ വീക്ഷിച്ചിരുന്ന പട്ടണമായ നസറെത്തിലായിരുന്നു അവൻ വളർന്നത്. അവൻ ദാവീദിന്റെ സന്തതിയായിരുന്നു, എന്നാൽ ഒരു നസറായനായി അവൻ വന്നു (മത്തായി 2:22). "രൂപഗുണമോ കോമളത്വമോ ഇല്ലാതെ," "കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ലാതെ," "മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും," "വരണ്ട നിലത്തുനിന്നു വേരു മുളയ്ക്കുന്നതുപോലെ"അവൻ വളർന്നു(യെശ.53:2-3). അതുകൊണ്ട്, നാം അവനെ ജഡപ്രകാരമല്ല(2 കൊരി.5:16), ആത്മാവിൻ പ്രകാരം അറിയണം. കർത്താവ് നസറെത്തിൽ വളർന്നതുകൊണ്ട് ആളുകൾ അവനെ ബെത്‌ലഹേമിൽ ജനിച്ചവനായി കണക്കാക്കിയില്ല.

മരണത്തിൽ കലാശിക്കുന്ന അറിവിന്റെ വൃക്ഷം സ്വീകരിച്ച്(ഉല്പ.2;17), പുറമേയുള്ള കാഴ്ചപ്പാടനുസരിച്ച് പലരും അവനെ മനസ്സിലാക്കി(7:27,41-42,52). അവരുടെ സംസാരം ശ്രദ്ധിക്കുക. "ഗലീലയിൽനിന്നോ ക്രിസ്തു വരുന്നത്? ദാവീദിന്റെ സന്തതിയിൽനിന്നും ദാവീദ് പാർത്ത ഗ്രാമമായ ബേത്‌ലഹേമിൽനിന്നും ക്രിസ്തു വരുന്നു എന്നു തിരുവെഴുത്തു പറയുന്നില്ലയോ?"(7:41-42). ഈ സംസാരം കേവലം മനോഗതിയുടെ വ്യായാമമാണ്. ഈ മാനസിക നിഗമനം അറിവിന്റെ വൃക്ഷത്തിന്റെ തത്വത്തിലാണ്. എന്നാലും ചിലർ ജീവനെ ഉളവാക്കുന്ന ജീവവൃക്ഷത്തെ (ഉല്പ. 2:9) സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിനെ അവന്റെ ആന്തരിക യാഥാർത്ഥ്യമനുസരിച്ച് മനസ്സിലാക്കി(7:40,50-51). പുറംകാഴ്ചക്ക് ശ്രദ്ധ കൊടുക്കരുത്? നിങ്ങൾ അകമേയുള്ളത് കാണണം. അകമേ ക്രിസ്തു ഉണ്ടോ? നാമെല്ലാവരും ക്രിസ്തുവിനെ അറിയേണ്ടത് പുറമേയുള്ള കാഴ്ചപ്പാടനുസരിച്ചല്ല, ആന്തരിക യാഥാർത്ഥ്യമനുസരിച്ചാണ്.

യോഹന്നാന്റെ സുവിശേഷം ആകമാനം ഹൃദയഹാരിയായ ഒരു ചിത്രം നമുക്ക് നൽകുന്നു. ഒരു ദിവസം കർത്താവായ യേശു ബേഥാന്യയിൽ ചെന്ന് ഒരു ചെറിയ ഭവനത്തിൽ, ലാസറിനോടും മാർത്തയോടും മറിയയോടുമൊപ്പം താമസിച്ചു (യോഹ.12:1-2). അക്കാലത്ത് യെരുശലേമിൽ ദൈവാലയം ഉണ്ടായിരുന്നു. ആ വിശുദ്ധ ദൈവാലയത്തിൽ പുരോഹിതന്മാർ ശരിയായ വിധത്തിൽ പുരോഹിതവസ്ത്രങ്ങൾ അണിഞ്ഞ് യാഗപീഠത്തിൽ യാഗങ്ങൾ അർപ്പിക്കുകയും ധൂപവർഗ്ഗം കത്തിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ദൈവാലയത്തിലെ എല്ലാ കാര്യങ്ങളും വളരെ ആകർഷകമായിരുന്നു. എന്നാൽ ബേഥാന്യയിലെ ആ ചെറിയ ഭവനത്തിൽ ഒന്നുമുണ്ടായിരുന്നില്ല-പുരോഹി

തന്മാരോ പുരോഹിതവസ്ത്രങ്ങളോ യാഗപീഠമോ യാഗങ്ങളോ ധൂപ വർഗ്ഗമോ ഇല്ലായിരുന്നു. അവിടെ പാവപ്പെട്ട രണ്ടു സഹോദരിമാരും ഒരു സഹോദരനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ സമയത്ത്, ദൈവം ആലയത്തിലായിരുന്നോ അതോ ആ ചെറിയ ഭവനത്തിലായിരുന്നോ? അവൻ ആ ചെറിയ ഭവനത്തിലായിരുന്നു. ആ സമയത്ത് നിങ്ങൾ ദൈവത്തെ അന്വേഷിക്കുകയായിരുന്നു എന്നു കരുതുക. നിങ്ങൾ എവിടെ പോകുമായിരുന്നു-ആ ചെറിയഭവനത്തിലേക്കോ അതോ ആലയത്തിലേക്കോ? നാമെല്ലാവരും ആലയത്തിൽ പോകുമായിരുന്നു. മിക്കവാറും നമ്മിലാരുംതന്നെ ആ ചെറിയ ഭവനത്തിലേക്ക് പോകു മായിരുന്നില്ല. എങ്കിലും, ദൈവത്തിന്റെ ദേഹരൂപം തന്നെയായ യേശു ആലയത്തിലായിരുന്നില്ല, ആ ചെറിയ ഭവനത്തിലായിരുന്നു. ഒടുവിൽ, നമ്മുടെ ഇടയിൽ, ആലയത്തിലേക്കു പോകുന്ന ഒരു വലിയ കൂട്ട മെന്നും യേശു ഉണ്ടായിരുന്ന ചെറിയ ഭവനത്തിലേക്ക് പോകുന്ന ചെറിയ കൂട്ടമെന്നും ഉള്ള ഒരു ഭിന്നത ഉണ്ടാകുമായിരുന്നു. ദൈവത്തെ കാണുവാൻ ആ ചെറിയ ഭവനത്തിൽ പോകുന്നത് എത്ര മഠയത്തര മാണെന്ന് ആലയത്തിലേക്ക് പോയവർ ചിന്തിക്കുമായിരുന്നു. പക്ഷേ, പുറമേയുള്ള കാഴ്ചപ്പാടനുസരിച്ചല്ല, ആന്തരിക യാഥാർത്ഥ്യമനുസ രിച്ച് കർത്താവായ യേശുവിനെ അനുഗമിക്കുവാൻ നാം പഠിക്കണം. ഈ തത്ത്വം എന്നേക്കും നിലനിൽക്കും. കർത്താവ് താഴ്മയുള്ളവ രോടൊപ്പമായതിനാൽ കർത്താവിന് സ്തോത്രം.

കർത്താവ് ഭൂമിയിലായിരുന്നപ്പോൾ അവന് ആകർഷകമായ പുറം കാഴ്ച ഉണ്ടായിരുന്നില്ല. ഇന്ന്, അവന്റെ പ്രത്യുദ്ധാരത്തിലുള്ള സഭാ ജീവിതത്തിലും ഇതുതന്നെയാണ്; അവിടെ ആകർഷകമായ ഒരു പുറം കാഴ്ച ഇല്ല. എന്നാലും, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള സഭാ ജീവിതത്തിൽ നിങ്ങൾ പ്രവേശിക്കുകയാണെങ്കിൽ, അവിടെ ക്രിസ്തു വിന്റെ സൗന്ദര്യം നിങ്ങൾ കാണും. അവൻ നസറായനല്ല-അവൻ ദാവീദിന്റെ സന്തതി ആണ്. ഇതാണ് ക്രിസ്തു! ഹാലേലുയ്യാ!